(ഇ) എങ്കിൽ വർദ്ധിപ്പിച്ച തൊഴിൽ നികുതിയിൽ കുറവുവരുത്തുന്നതിനും ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും ഉണ്ടായ ശമ്പള വർദ്ധനവിന് ആനുപാതികമായി തൊഴിൽനികുതി പുതുക്കി നിശ്ചയിക്കാനും നടപടി സ്വീകരിക്കുമോ;

(എഫ്) ഇത് സംബന്ധിച്ച പരാതികളിന്മേൽ അന്തിമതീരുമാനം എടുക്കുന്നതുവരെ തൊഴിൽ നികുതിയ്ക്ക് പിഴപ്പലിശ ഈടാക്കുന്ന നടപടി നിർത്തിവയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) ഇത് സംബന്ധിച്ച് ഒരു ചർച്ച നടത്തുകയും പഞ്ചായത്തുകളിലുള്ള തൊഴിൽ നികുതിയുടെതോത് മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലും വരുത്താൻ തീരുമാനിക്കുകയും ചെയ്തു.

(ഡി)&(ഇ) മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് പ്രകാരം, പ്രതിമാസ അടിസ്ഥാനശമ്പളം, സ്പെഷ്യൽ പേ, ബോണസ്, മറ്റുവരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് തൊഴിൽനികുതി നിശ്ചയിച്ചിരുന്നത്. എന്നാൽ പഞ്ചായത്തുകളിൽ വരുമാനം കണക്കാക്കുന്നതിന് ക്ഷാമബത്തകൂടി കണക്കിലെടുക്കുന്നുണ്ട്. 1999-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് നിലവിൽ വന്നതോടെ മുനിസിപ്പൽ പ്രദേശങ്ങളിലും തൊഴിൽനികുതി കണക്കാക്കുന്നതിന് ക്ഷാമബത്തകൂടി ഉൾപ്പെടുത്തുകയുണ്ടായി. തൊഴിൽനികുതിയുടെ ഘടനയിലോ, സ്ലാബിലോ ഇക്കാലയളവിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. വരുമാനത്തിനനുസൃതമായ വർദ്ധനയെ ഉണ്ടാക്കിയിട്ടുള്ളൂ.

(എഫ്) കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത്രാജ് ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായാണ് പിഴപ്പലിശ ഈടാക്കുന്നത്.

394 (1587) കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ആഡിറ്റ്

ശ്രീ. കെ. അച്ചുതൻ :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളായ നാഷണൽ റോസ്ഗാർ യോജന, ജവഹർ റോസ്ഗാർ യോജന, ദേശീയ സാമൂഹ്യ പരിപാടി മുതലായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കാൻ തുടങ്ങിയത് എന്നു മുതലാണ്;

(ബി) ഈ പദ്ധതികൾ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന ചെലവുകളുടെ കണക്കുകൾ ആഡിറ്റിനു വിധേയമാക്കാറുണ്ടോ; എങ്കിൽ എന്നുവരെയുള്ള കണക്കുകൾ ആഡിറ്റ് ചെയ്തിട്ടുണ്ട്;

(സി) ഈ കണക്കുകൾ ആഡിറ്റ് ചെയ്യുന്ന അധികാരസ്ഥൻ ആരാണ്;

(ഡി) ഇത് ആഡിറ്റ് ചെയ്യുന്നതിൽ അക്കൗണ്ടന്റ് ജനറലിന് എന്തെങ്കിലും പങ്കുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ലെങ്കിൽ അക്കൗണ്ടന്റ് ജനറൽ ഈ കണക്കുകൾ ആഡിറ്റ് ചെയ്യാത്തത് എന്തുകൊണ്ടാണ്;

(എഫ്) ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് ഈ കണക്കുകൾ ആഡിറ്റ് ചെയ്തിട്ടുണ്ടോ;

(ജി) എങ്കിൽ പ്രസ്തുത ആഡിറ്റ് അനുസരിച്ച് പ്രത്യേക റിപ്പോർട്ടുകൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ അത് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(ഐ) ഈ റിപ്പോർട്ട് പ്രകാരം ചാർജ്ജ്, സർചാർജ്ജ് നടപടികൾ സ്വീകരിക്കാനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളത്;

(ജെ) അതനുസരിച്ച് ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എത്ര തുക ഈടാക്കിയിട്ടുണ്ട്;

(കെ) ഒരു തുകയും ഈടാക്കിയിട്ടില്ലെങ്കിൽ കാരണമെന്ത്;

(എൽ) ഈ പദ്ധതികൾ അനുസരിച്ച് ചെലവാക്കുന്ന തുക സംബന്ധിച്ച് ക്രമക്കേടുകൾ ആഡിറ്റ് റിപ്പോർട്ടിൽ വിശദമായി ചേർക്കേണ്ടതില്ലെന്നും വരവുചെലവു കണക്കുമാത്രം ഒത്തു നോക്കിയാൽ മതിയെന്നും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ കാരണമെന്ത്;

(എം) പ്രസ്തുത പദ്ധതി സംബന്ധിച്ച ചെലവുകളിൽ വന്നിട്ടുള്ള ക്രമക്കേടുകളെപ്പറ്റി വിശദമായ നിരീക്ഷണം ചേർത്ത് പ്രത്യേക ആഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കാത്തപക്ഷം ഈ ചെലവുകളിൽ ക്രമക്കേടു വരാൻ സാധ്യത ഉണ്ടോ;

(എൻ) എങ്കിൽ ചാർജ്ജ്, സർചാർജ് നടപടികൾ സ്വീകരിക്കുവാൻ കഴിയുമോ;

(ഒ) ഈ പദ്ധതിക്കുവേണ്ടി ചെലവഴിക്കുന്ന തുകയിൽ ക്രമക്കേടുകൾ ഇല്ലെന്ന് ഉറപ്പുവരുത്തത്തക്കവണ്ണം വിശദമായ ആഡിറ്റ് നടത്താനും സ്പെഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാനും നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ജവഹർ റോസ്ഗാർ യോജന പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഉദ്ഗ്രഥിപ്പിച്ച് നടപ്പാക്കി തുടങ്ങിയത് 1998-99 മുതലാണ്.

നാഷണൽ റോസ്ഗാർ യോജന, ദേശീയ സാമൂഹ്യ പരിപാടി എന്നീ പദ്ധതികൾ ഗ്രാമവികസന വകുപ്പു മുഖേന നടപ്പാക്കുന്നില്ല.

(ബി) ഉണ്ട്. ഡി.ആർ.ഡി.എ. തലത്തിൽ 1998-99 വരെയുള്ള കണക്കുകൾ ആഡിറ്റ് ചെയ്തിട്ടുണ്ട്.

(സി) പ്രത്യേകം നിയുക്തമാക്കപ്പെട്ട ചാർട്ടേർഡ് അക്കൗണ്ടന്റുമാർ പദ്ധതിയുടെ വാർഷിക വരവ്-ചെലവ് കണക്ക് ആഡിറ്റ് ചെയ്യുന്നുണ്ട്. ഇതുകൂടാതെ ലോക്കൽഫണ്ട് ആഡിറ്റ്, പെർഫോർമൻസ് ആഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് എന്നിവയും നടത്തുന്നുണ്ട്.

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റും നടത്തുന്നുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉണ്ട്.

(ജി) ഏതാനും ഗ്രാമപഞ്ചായത്തുകളിൽ ആഡിറ്റ് നടത്തിയതിന്റെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(എച്ച്) പരിശോധിക്കാറുണ്ട്.

(ഐ) 23.05.1991-ലെ ജി.ഒ(പി) 2364/91 ത.ഭ.വ. ഉത്തരവ് പ്രകാരം പഞ്ചായത്തുകളിലെ ജവഹർ തൊഴിൽദാന പദ്ധതി സംബന്ധിച്ച് കണക്കുകൾ ആഡിറ്റ് ചെയ്യാൻ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഉത്തരവിൽ ചാർജ്/സർചാർജ് നടപടികൾക്കുള്ള അധികാരം വ്യവസ്ഥ ചെയ്തിട്ടില്ല.

(ജെ)&(കെ) ചോദ്യമുദിക്കുന്നില്ല.

(എൽ) ഗ്രാമവികസന വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(എം) ഇപ്പോൾ നടക്കുന്ന ആഡിറ്റ് മുഖേന തന്നെ ക്രമക്കേടുകൾ കണ്ടുപിടിക്കാൻ കഴിയുന്നതാണ്.

(എൻ) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം കഴിയുകയില്ല.

(ഒ) ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ആഡിറ്റ്, പെർഫോർമൻസ് ആഡിറ്റ്, അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് എന്നിവ നടക്കുന്നതിനാൽ വീണ്ടും സ്പെഷ്യൽ ആഡിറ്റ് നടത്തുവാൻ ഉദ്ദേശിക്കുന്നില്ല.

395 (1588) ഇന്ദിരാ ആവാസ് യോജന പദ്ധതി

<u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം 1998-99 വർഷത്തിൽ ചെലവാക്കിയ 36.32 കോടി രൂപ വിനിയോഗിച്ച് എത്ര വീടുകൾ നിർമ്മിച്ചു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി ഓരോ ജില്ലയിലും നടപ്പാക്കിയ ഏജൻസി ഏതാണെന്ന് വിശദമാക്കുമോ;

(സി) ദശലക്ഷം കിണർ പദ്ധതിപ്രകാരം 1998-99-ൽ 10.37 കോടിരൂപ വിനിയോഗിച്ച് നിർമ്മിച്ച കിണറുകളുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം നൽകുമോ;

(ഡി) തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള 54.25 കോടി രൂപ ഏതെല്ലാം മേഖലകളിലാണ് ചെലവഴിച്ചത്. വിശദാംശം നൽകുമോ;

(ഇ) ഈ പദ്ധതിച്ചെലവുകൾ സംബന്ധിച്ച ആഡിറ്റിംഗ് ഏത് ഏജൻസിയാണ് നടത്തിയത്, ആഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

<u>ഉത്തരം</u>

(എ) 1998-99-ൽ ഇന്ദിരാ ആവാസ് യോജന പ്രകാരം നിർമ്മിച്ച വീടുകളുടെ എണ്ണം താഴെപറയും പ്രകാരമാണ്.

തിരുവനന്തപുരം	826
കൊല്ലം	512
പത്തനംതിട്ട	405

LIBRARY ARCHIVES Kerala Legislative Assembly